പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2075 — 23.03.2012-ൽ മറുപടിയ്ക്ക്

## അമ്പലപ്പുഴ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

**ചോദ്യം**

ശ്രീ. ജി. സുധാകരൻ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും ;

(എ) 87 മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിട്ടുണ്ട്. ആലപ്പുഴ ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലവും സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള ആർ.ജി. ജി. വി. വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ ആദ്യഘട്ട പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ; രണ്ടാം ഘട്ടത്തിനുള്ള അനുമതി ലഭിച്ചിട്ടുമുണ്ട്.

വടക്കൻ കേരളത്തിലെ ആറു ജില്ലകളിൽ ഈ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. 2012 സെപ്റ്റംബർ മാസത്തോട് കൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

തെക്കൻ കേരളത്തിലെ ജില്ലകളിൽ ആർ.ജി.ജി. വി.വൈ പദ്ധതിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും ബി.പി.എൽ വിഭാഗത്തിനും സൗജന്യമായി ഗാർഹിക വൈദ്യുത കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാതെയുണ്ട് ;

(ബി) 500 വാട്സിൽ താഴെ കണക്ടഡ് ലോഡ് ഉള്ള ബി.പി. എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്സിൽ താഴെ കണക്ടഡ് ലോഡ് ഉള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും ചെലവ് ഈടാക്കാതെ ഗാർഹിക കണക്ഷനുകൾ നൽകുന്നുണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ ഈ തരത്തിൽപ്പെട്ട അപേക്ഷകർക്ക് കണക്ഷനുകൾ നൽകുവാൻ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നമ്പർ ലഭിക്കാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ നിർദ്ദേശമുണ്ടോ ; വിശദാംശം നൽകുമോ ?

(സി) നിർദ്ദേശമുണ്ട്. 18-08-2011-ലെ ബോർഡ് ഉത്തരവ് പ്രകാരം ബിൽഡിംഗ് നമ്പർ ലഭിക്കാത്ത ഗാർഹിക കണക്ഷനുകൾക്കു വേണ്ടിയുള്ള അപേക്ഷകർക്ക് കൈവശാവകാശ സർട്ടിഫിക്കേറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കേറ്റ്, കണക്ഷൻ ആവശ്യമുള്ള കെട്ടിടത്തിൻെറ മേൽവിലാസത്തിലുള്ള റേഷൻ കാർഡ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാർഡ്, വോട്ടേഴ്സ് ഐ.ഡി കാർഡ് ഇവയിലേതെങ്കിലും ഉണ്ടെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി കണക്ഷൻ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.